പൊതുജനാരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ. എ. ആർ. മേനോൻ) :

(എ) 185 വൈദ്യന്മാർ 'ബി ക്ലാസ്സ്' രജിസ്ട്രേഷനു് അപേക്ഷിച്ചിട്ടുണ്ടു്.

(ബി) അപേക്ഷിച്ചവരെല്ലാം പണം അടച്ചിട്ടുണ്ടു്.

(സി) ഇല്ല. അവരുടെ അപേക്ഷകരം തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടിന്റെ മലബാറിലേയ്ക്കു കൂടി ബാധകമാക്കിയശേഷമേ പരിഗണിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: അതു് മലബാറിലേയ്ക്കു കൂടി ബാധകമാക്കുന്നതിനുള്ള തടസ്സം എന്താണു്?

ഡാക്ടർ എ. ആർ. മേനോൻ : അതിനു് ലീഗലായി നടപടിയെടുക്കണം. തരമുണ്ടെങ്കിൽ ഈ സെഷനിൽത്തന്നെ അതു ചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്. അതുവരെ ഉപദ്രവമുണ്ടാകാതിരിക്കുന്നതിനു് മദ്രാസ് രൂപപ്രകാരം അനുവാദം കൊടുത്തിട്ടുണ്ടു്.

ഹരിജന വിദ്യാർത്ഥികളുടെ ഹോസ്റ്റൽ.

* 1444. [28] ശ്രീ. കെ. കൊച്ചുകുട്ടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനവിദ്യാർത്ഥികളുടെ താമസസൗകര്യത്തിനായി വെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും സ്റ്റോറിൽ എവിടെയൊക്കെ ഹോസ്റ്റൽ നടത്തുന്നു, എവിടെയൊക്കെ ലാഡ്ജു് നടത്തുന്നു;

(ബി) ലാഡ്ജിൽ താമസിക്കുന്നവർ വാടക, ലൈറ്റു് മുതലായവയ്ക്കു പ്രത്യേകമായി പണം കൊടുക്കണമോ;

(സി) ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ സഹകരണസംഘങ്ങളിൽ പ്രൊമോട്ടർ സെക്രട്ടറിമാരായും, സാങ്കേതിക പരിശീലന കേന്ദ്രങ്ങളിൽ ഇൻസ്ട്രക്ടറന്മാരായും എത്രപേരെ ഡയറക്ടർ നേരിട്ടു നിയമിക്കാൻ ഇടയായി;

(ഡി) നിയമനങ്ങൾസംബന്ധിച്ചു് ഗവണ്മെന്റുത്തരവിലെ അനുശാസനങ്ങൾ ഡയറക്ടർ ആഫ് ഹരിജൻ വെൽഫെയർ ലംഘിച്ചിട്ടുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഹരിജനവിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി 26 ഹരിജൻ ഹോസ്റ്റലുകളും 3 ഹരിജൻ ലാഡ്ജുകളും ഒരു കാസ്മോപോളിറ്റൻ ഹോസ്റ്റലും ഉണ്ടു്. ഇവയുടെ ഒരു ലിസ്റ്റു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ഈ ചെലവുകൾ സ്റ്റൈപെൻഡിൽനിന്നും നടത്തേണ്ടതാണു്.

(സി) മാസം 40-ം 45-ം രൂപവീതം സ്റ്റൈപെൻഡു കൊടുത്തുവരുന്നു. സ്വന്തം വീട്, പഠിക്കുന്ന കോളേജിൽനിന്നു 5 മൈൽ അകലെയുള്ളവർക്കു് 45 രൂപാ വീതവും 5 മൈലിനുള്ളിൽ ഉള്ളവർക്കു് 40 രൂപാ വീതവുമാണു് കൊടുക്കുന്നതു്.

(ഡി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം കൊല്ലത്തു തുടങ്ങിയ ഒരു ഹോസ്റ്റൽ നിറുത്തിയിട്ടുണ്ടു്. ഹോസ്റ്റൽക്കെട്ടിടത്തിൽ വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ പുറത്തുള്ള ലാഡ്ജുകളിൽ പോയി താമസിക്കുന്നതിനു് കൂടികൂടി സ്റ്റൈപ്പെൻഡു് ആവശ്യപ്പെടുകയും, സൗകര്യമായി ഹോസ്റ്റൽ നടത്തുന്നതിനു് ആവശ്യമായ കെട്ടിടങ്ങൾ കിട്ടാതെവരികയും ചെയ്തതുകൊണ്ടാണു് കൊല്ലത്തു നടത്തിയിരുന്ന ഹോസ്റ്റൽ നിറുത്തിയതു്. മറ്റു ഹോസ്റ്റലുകളോ ലാഡ്ജുകളോ നിറുത്തിയിട്ടില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ലാഡ്ജുകളിൽ താമസിക്കുന്നവർ വാടകയും ലൈറ്റിനുള്ള ചെലവും സ്വന്തമായി വഹിക്കണമോ ?

ശ്രീ. പി. കെ. ചാത്തൻ : ഇപ്പോൾ വളരെ വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട് . ഇതിനുമുമ്പ് അങ്ങനെ ഒരു നില വന്നപ്പോൾ കൂട്ടികളെ ബുദ്ധിമുട്ടിപ്പിക്കാതെ ആ തുകയും ഗവണ്മെന്റ് തന്നെ കൊടുക്കുകയാണുണ്ടായത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ കൊല്ലം തൃശ്ശൂർ ലാഡ്ജിൽ താമസിച്ചിരുന്ന കുട്ടികളും വാടകയും ലൈറ്റിംഗ് ചാർജ്ജും കൊടുക്കണമെന്ന് നിർദ്ദേശം നൽകിയതിന്റെ ഫലമായി സ്കൂൾവർഷത്തിന്റെ അവസാനത്തിൽ രണ്ടു മാസത്തെ സ്റ്റൈപ്പെൻഡ് അനുവദിക്കാതെ കുട്ടികളെ വളരെ ക്ലേശിക്കാൻ ഇടയായതായി അറിവില്ലേ ?

ശ്രീ. പി. കെ. ചാത്തൻ : കഴിഞ്ഞ വർഷത്തെ തുകയും ഗവണ്മെന്റിൽ നിന്നു തന്നെ കൊടുത്തിട്ടുണ്ട്.

SHORT NOTICE QUESTION.

അറബി അദ്ധ്യാപകരുടെ പ്രമോഷൻ.

* 1445. [10] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസ് നിയമപ്രകാരം പ്രവർത്തിച്ചിരുന്ന ചില അറബി അദ്ധ്യാപകരെ സീനിയോറിറ്റി പരിഗണിച്ച് ഈ ഗവണ്മെന്റ് പ്രമോഷൻ നൽകി 80-165 സ്കെയിലിൽ നിയമിച്ചിരുന്നുവോ ;

(ബി) ഇതിനെതിരായി അസിസ്റ്റന്റ് അക്കൗണ്ടന്റ് ഓഫീസർ കല്പന പുറപ്പെടുവിച്ചതായും വാങ്ങിയ കൂടുതൽ ശമ്പളം മടക്കി അടയ്ക്കാൻ കല്പിച്ചതായും അറിയുമോ ;

(സി) 1-11-1956-നുമുമ്പ് സബ്ബീസിലുള്ള അറബി അദ്ധ്യാപകരെ നിർദ്ദിഷ്ടമായ ഭാഷാദ്ധ്യാപക ടെയിനിംഗിൽനിന്നും ഒഴിവാക്കുവാൻ നടപടി എടുക്കുമോ ;

(ഡി) 10 കൊല്ലം ടീച്ചിംഗ് സബ്ബീസിലുള്ളവരെയും അഫ്സലുൽ ഉലമ പാസ്സായവരെയും സ്ഥിരപ്പെടുത്തിയവരെയും ഭാഷാദ്ധ്യാപക ടെയിനിംഗിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഡിപ്പാർട്ടുമെന്റിൽനിന്നും പ്രമോഷൻനൽകുകയുണ്ടായി. എന്നാൽ നിശ്ചിത ടെയിനിംഗ് യോഗ്യതയുള്ളവർക്ക മാത്രമേ നിയമപ്രകാരം 80-165 സ്കെയിലിനു അർഹതയുള്ളൂ. ടെയിനിംഗ് യോഗ്യതയില്ലാത്തവർക്ക് 65 രൂപയേ കിട്ടുകയുള്ളൂ.

(ബി) ടെയിനിംഗ് ഇല്ല. അവർക്ക 80-165 വച്ച് വാങ്ങിയതു ക്രമവിരുദ്ധമായതിനാൽ കംപ്ട്രോളർ അബ്ജക്ഷൻ കൊണ്ടുവരികയും കൂടുതൽ വാങ്ങിയ തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

(സി) അപ്രകാരം ഒരു നടപടി ആവശ്യമാണെന്നു ഗവണ്മെന്റ് കരുതുന്നില്ല.

(ഡി) ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇവരെല്ലാം തന്നെ മദ്രാസ് ഗവണ്മെന്റിന്റെ കീഴിൽ ടെയിനിംഗ് ഇല്ലാതെ ഒരു പ്രത്യേക പരീക്ഷായോഗ്യത നേടീട്ടുള്ളവരാണെന്നും അവർ സ്ഥിരമായി ജോലിയിൽ പ്രവർത്തിച്ചവരാണെന്നും ഉള്ള വസ്തുത പരിഗണിച്ച് അവരിൽനിന്നും മടക്കി അടയ്ക്കാനുള്ള സംഖ്യ ഇളവാക്കണമെന്നു ദയവായി ഒരു കൽപ്പന പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly